ഡയാലിസിസിന് വിധേയരാകുന്ന രോഗികൾ

16(*285) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി സാമൂഹ്യനീതി വകുപ്പ് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന 'സമാശ്വാസം' പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ 1100 രൂപ പ്രതിമാസ ധനസഹായമായി നൽകി വരുന്നു.

(ബി) സംസ്ഥാനത്ത് വൃക്കരോഗങ്ങൾമൂലം ഡയാലിസിസിന് വിധേയരാകുന്നവരിൽ ഭൂരിഭാഗം പേരും ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിൽ പെടുന്നവരാണ്. തുടർച്ചയായുള്ള ഡയാലിസിസും മരുന്നും ആശുപത്രിയിലേക്കുള്ള യാത്രാ ചെലവുകളും വൃക്ക രോഗികളെ മാനസികമായി തളർത്തുകയും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. രോഗിയെ പരിചരിക്കാൻ ഒരു കുടുംബാംഗത്തിന്റെ സേവനം പൂർണ്ണമായും ആവശ്യമായതിനാൽ കുടുംബത്തിന്റെ വരുമാനവും നിലക്കുന്നു. കേവലം ആരോഗ്യ പ്രശ്നമെന്നതിലുപരി സാമൂഹ്യപ്രശ്നമായി തന്നെ വൃക്ക തകരാറിലായി ഡയാലിസിസിനു വിധേയമാകുന്നവരുടെ പ്രശ്നങ്ങൾ കണക്കാക്കി ഇവർക്ക് ചെറിയൊരു ആശ്വാസമെന്ന നിലയിൽ പ്രതിമാസ ധനസഹായം അനുവദിച്ച് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "സമാശ്വാസം" പദ്ധതി.

(സി) 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയ്ക്ക് 2235-60-200-72(00) നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി 3.15 കോടി രൂപ അനുവദിച്ച് നൽകുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്കും മിഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾക്കുമായി 2235-60-200-72(00) നോൺ പ്ലാൻ ശീർഷകത്തിൽ 3.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ചാണ് പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കി വരുന്നത്. ബി.പി.എൽ. വിഭാഗത്തിലുള്ള രോഗികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസറുടെ ശിപാർശയോടുകൂടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നൽകുന്ന മുറക്ക് അർഹതക്ക് വിധേയമായി തുക അനുവദിച്ചു വരുന്നു. ബഡ്ജറ്റ് വിഹിതത്തിന് പുറത്തുള്ള തുക മിഷന് ലഭിക്കുന്ന സംഭാവന തുകയിൽ നിന്നാണ് ചെലവഴിക്കുന്നത്.

മാതൃകാ അങ്കണവാടികൾ

17(*286) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടികളുടെ നിർമ്മാണത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഓരോ അങ്കണവാടി വീതം മാതൃകാ അങ്കണവാടിയാക്കി ഉയർത്തി, 23.75 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിൽ ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 നിയോജക മണ്ഡലത്തിൽ 10 സെന്റ് സ്ഥലത്തിനകത്ത് രണ്ട് നിലകളിലായി 1584 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് മാതൃകാ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നത്. ക്ലാസ് റൂം, അടുക്കള, വയോജനങ്ങൾക്കുള്ള പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം,വർക്ക്ഏര്യാ, കുടിവെള്ളം, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ, അമ്മമാരുടെ യോഗങ്ങൾ, കുമാരി ക്ലബ്ബുകൾ, ഇമ്മ്യൂണൈസേഷൻ എന്നീ സൗകര്യങ്ങളും വൃദ്ധർക്കുള്ള വായനാമുറി മറ്റു വിവിധ വകുപ്പുകളുമായി ഏകോപിച്ച് നടപ്പിലാക്കണ്ട വിവിധ പദ്ധതികൾ എന്നീ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തിലാണ് മാതൃകാ അങ്കണവാടി നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നത്. മാതൃകാ അങ്കണവാടികളിൽ 3 തലമുറകൾക്ക് അതായത് കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ/സ്ത്രീകൾ, വയോജനങ്ങൾ എന്നിവർക്ക് വിവിധ സേവനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly